## ആയിരത്തൊന്ന് രാത്രികൾ

ഹൃദയത്തെ മാന്ത്രികമായി ആവാഹിക്കുന്ന മനുഷ്യന്റെ സമസ്ത ഭാവങ്ങളെയും ഉഷസ്സിനെപ്പോലെ ഉണർത്തുന്ന ലോകക്ലാസ്സിക്കാണ് *ആയിരത്തൊന്ന് രാത്രികൾ* എന്ന പേരിൽ അറിയപ്പെട്ട അറബിക്കഥകൾ. ഈ കഥകൾ വിസ്മയിപ്പിക്കുന്ന സൗന്ദര്യമാണ്. അവ പഞ്ചേന്ദ്രിയങ്ങളെ മധുരിപ്പിക്കുന്നു; ലഹരിപിടിപ്പിക്കുന്നു. വിശ്വസാഹിത്യകാരന്മാരെ പ്രചോദിപ്പിക്കുകയും പ്രസാദിപ്പിക്കുകയും ചെയ്ത കഥകളുടെ രാജധാനിയാണ് *ആയിരത്തൊന്ന് രാത്രികൾ*. ശൃംഗാരവും ഹാസ്യവും കരുണവും രൗദ്രവും വീരവും ഭയാനകവും ബീഭത്സവും അത്ഭുതവും ശാന്തവും നവരസങ്ങളും-അലതല്ലുന്ന കഥകളുടെ പാരാവാരം. വിശ്വസാഹിത്യത്തിലെ പല ഉത്കൃഷ്ടകൃതികളും മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്തിട്ടുള്ള എം.പി. സദാശിവനാണ് ഇതിന്റെ പുനരാഖ്യാനം നിർവഹിച്ചിട്ടുള്ളത്.

വിവർത്തനം : എം. പി. സദാശിവൻ

കവർ ഡിസൈൻ: ഒ പി ജയകുമാർ

ഡിസി ബുക്സ്
www.dcbooks.com
കഥകൾ
ISBN 81-713-0241-6 00015
9 788171 302413
E-book available
₹ 495

# ആയിരത്തൊന്ന് രാത്രികൾ

വിശ്വവിഖ്യാതമായ അറബിക്കഥകൾ

dcb

# ആയിരത്തൊന്ന് രാത്രികൾ

## വിശ്വവിഖ്യാതമായ അറബിക്കഥകൾ



dcb

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1211 Call No. 1211

This book should be returned on or before the date last given below.

| | | |
|---|---|---|
| 15-001<br>31 MAR 2018<br>15-006<br>16 MAY 2018<br>15-037<br>3 JAN 2019 | | |

**എം. പി. സദാശിവൻ**

1937–ൽ ജനിച്ചു. തിരുവനന്തപുരം ഇന്റർമീഡിയറ്റ് കോളജിലും നാഗർ കോവിൽ ഹിന്ദു കോളജിലും പഠിച്ചു. കേന്ദ്രഗവൺമെന്റിന്റെ ഓഡിറ്റ് ഡിപ്പാർട്ട്മെന്റിൽ സീനിയർ ഓഫീസറായിരുന്നു. വിവിധ ഭാഷകളിൽ നിന്നായി 50–ലധികം കൃതികൾ വിവർത്തനം ചെയ്തു.

# ആയിരത്തൊന്ന് രാത്രികൾ

വിവർത്തനം
**എം. പി. സദാശിവൻ**

ഡി സി ബുക്സ്

MALAYALAM LANGUAGE
ORIGINAL ARABIC TITLE
Alf Laylah Wa Laylah
STORIES
MALAYALAM TITLE
Āyirathonnu Rāthrikal
Translated by M.P. Sadasivan
© D C Books
First Published February 1993
This edition - July 2016

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Ayirathonnu rathrikal.
Malayalam translation/M.P. Sadasivan.
1380 p., 21 cm.
ISBN 81-713-0241-6.
1. Malayalam translation of Arabic title 'Alf Laylah Wa Laylah'.
1. Arabic story. 2. Malayalam translation.
I. Title-Arabic. II. Sadasivan, M.P.
398.210 95-dc22.
No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.
ISBN 81-713-0241-6

Printed in India
at D C Press, Kottayam, INDIA

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

₹ 495.00

329/16-17-Sl.No. 15581-dcb 1391-(15)2000-25806-07-16-Itc. 17.0-p sd-r(t) ds-d(t) rk

# പ്രസാധകക്കുറിപ്പ്

അറബിഭാഷയിൽനിന്ന് വിശ്വകഥാസാഹിത്യത്തിനു ലഭിച്ച ഏറ്റവും മഹത്തായ ഗ്രന്ഥമാണ് *അൽഫ് ലായ്‌ലാ വാ ലായ്‌ലാ* എന്ന പേരിൽ രൂപംകൊണ്ട *ആയിരത്തൊന്ന് രാത്രികൾ.* ലോകത്തിലെ കഥാപ്രേമികളെയെല്ലാം വശീകരിച്ച ഈ ഗ്രന്ഥം നിത്യവിസ്മയമായി നമ്മുടെ മുമ്പിൽ നില്ക്കുന്നു. ഏറ്റവുമധികം പറയുകയും വായിക്കുകയും ആസ്വദിക്കുകയും ചെയ്തിട്ടുള്ള രണ്ടു ഗ്രന്ഥങ്ങളേ ഈ ഭൂമുഖത്തുള്ളു—*പഞ്ചതന്ത്രകഥ*യും *ആയിരത്തൊന്ന് രാത്രി*കളും. ഇതിൽ കഥകൾ എന്ന അർത്ഥത്തിൽ നില്ക്കുന്ന ഗ്രന്ഥമാണ് *ആയിരത്തൊന്നു രാത്രികൾ* എന്ന അറബിക്കഥകൾ. കപട സദാചാരബോധം അസ്തമിക്കുന്നിടത്തുനിന്നാണ് ഈ കഥകളുടെ ആസ്വാദനം തുടങ്ങുക. സൗന്ദര്യാനുഭവങ്ങൾ കൊള്ളുക എന്നത് എല്ലാ സദാചാരങ്ങൾക്കും അപ്പുറത്തു നില്ക്കുന്ന സഹൃദയനുമാത്രമേ കഴിയൂ.

ഈ കൃതി വ്യാവഹാരികമായ യുക്തിയെ അവഗണിക്കുകയും പുതിയൊരു പ്രകൃതിസൗന്ദര്യംകൊണ്ട് നമ്മെ അനുഗ്രഹിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് വായനയുടെ സുഖാനുഭവമറിയണമെങ്കിൽ *ആയിരത്തൊന്ന് രാത്രികൾ* വായിക്കണമെന്ന് നോബൽ സമ്മാനം നേടിയ മാർക്കേസ് പറയുന്നത്.

ഈ കഥകൾ വായിക്കുമ്പോൾ മനുഷ്യാവസ്ഥയുടെ നിഷ്കളങ്കതയിലൂടെ നാം ഒഴുകി നടക്കുന്നു. നാം കാലത്തിനതീതമായ കാലങ്ങളിൽ ജീവിക്കുന്നു. ജീവിതത്തിന്റെ വൈവിദ്ധ്യത്തെയും അപാരതയെയും കാന്തമായ മനസ്സുകൊണ്ട് നോക്കിക്കാണാൻ കഥകളുടെ ഈ മഹാക്ഷേത്രം നിറഞ്ഞ മനസ്സോടെ നമ്മെ ക്ഷണിക്കുന്നു. മനുഷ്യരാശിയുടെ കലാസൗഭാഗ്യമാണത്.

*ആയിരത്തൊന്ന് രാത്രികൾ* നഗ്നമാണ്. ആ നഗ്നതയിൽ ജീവിതത്തിന്റെ ആന്തരസംഗീതവും നൃത്തവുമുണ്ട്. ശിരോലിഖിതത്തിന്റെ മൂലപ്രകൃതിയും വാസ്തുശില്പവും ഇതിലുണ്ട്. വേഡ്സ്വർത്തും ഷെല്ലിയും കീറ്റ്സും ബൈറനും ടെന്നിസനുമെല്ലാം *ആയിരത്തൊന്ന് രാത്രി*കളുടെ സൗന്ദര്യം അനുഭവിച്ചവരാണ്. ഈ കൃതിയെപ്പറ്റി വിശ്വവിഖ്യാതനായ ഖലീൽ ജിബ്രാൻ പറഞ്ഞു:

രാത്രിയുടെ വിശുദ്ധിയിൽ സത്യം അമ്മയെപ്പോലെ എന്റെ കിടക്കയ്ക്കരികിൽ വന്നുനിന്നിട്ടു ചോദിച്ചു: നിനക്ക് ഏതു രാജധാനിയാണിഷ്ടം.... നിന്നെ ഞാൻ അങ്ങോട്ടു കൊണ്ടുപോകാം. ഞാൻ പറഞ്ഞു: 'കഥയുടെ രാജധാനി—*ആയിരത്തൊന്ന് രാത്രികൾ.*'

അപൂർണമായിട്ടാണെങ്കിലും ഈ കൃതിയുടെ മലയാള വിവർത്തനം പലരും ചെയ്തിട്ടുണ്ട്. 1985-ൽ ഡി. സി. ബുക്സ്തന്നെ *ആയിരത്തൊന്ന് രാത്രിക*ളുടെ സംക്ഷിപ്തരൂപം വിശ്വസാഹിത്യമാല എന്ന ഗ്രന്ഥപരമ്പരയിൽപെടുത്തി പ്രസിദ്ധീകരിച്ചിരുന്നു.

*ആയിരത്തൊന്ന് രാത്രികൾ* സമ്പൂർണമായി മലയാളത്തിൽ പ്രസിദ്ധപ്പെടുത്താൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് തികഞ്ഞ അഭിമാനമുണ്ട്.

1993-ലാണ് ഈ പുസ്തകത്തിന്റെ ആദ്യപതിപ്പ് ഡി സി ബുക്സ് പ്രസിദ്ധപ്പെടുത്തിയത്. ഒട്ടേറെ പതിപ്പുകളിലൂടെ പതിനായിരക്കണക്കിന് വായനക്കാരെ ആകർഷിച്ചുവരുന്ന *ആയിരത്തൊന്ന് രാത്രിക*ളുടെ ഏറ്റവും പുതിയ പതിപ്പാണ് ഇത്.

**രവി ഡി സി**

# ആമുഖം

ഭൂമിയിൽ മനുഷ്യൻ ആവിർഭവിച്ചതു മുതൽ കഥ കേൾക്കാനുള്ള മോഹവും കഥ പറയാനുള്ള താത്പര്യവുമുണ്ടായി. ഇരയെ വേട്ടയാടിയതിനെയോ, അതിന്റെ പരാക്രമത്തെയോ തന്റെ സാമർത്ഥ്യത്തെയോ പറ്റി തനിക്കറിയാവുന്ന വിധം വിവരിച്ചതാവാം ആദ്യത്തെ കഥ. ആദ്യത്തെ കഥാകാരൻ തന്റെ അനുഭവം അംഗവിക്ഷേപങ്ങളിലൂടെയും ഭാവഹാവാദികളിലൂടെയും മറ്റുള്ളവർക്ക് പകർന്നുകൊടുത്തിരിക്കാം.

ഭാഷ രൂപംകൊണ്ടപ്പോൾ ആശയപ്രകടനം സുസാധ്യമാക്കി. ഭാവനാസമ്പന്നരായ കഥാകാരന്മാരുടെ ശില്പവൈഭവത്തിനു നിദർശനമായ രാജഗോപുരങ്ങളുയർന്നു. *കഥാസരിത്സാഗരം, പഞ്ചതന്ത്രം, ഡെക്കാമറൺ, അറബിക്കഥകൾ*...പുതുമ നശിക്കാത്ത, നിത്യനൂതനങ്ങളായ കഥകളുടെ ഈ താജ്മഹലുകളുടെ സൗന്ദര്യം നൂറ്റാണ്ടുകളായി സഹൃദയർ ആസ്വദിച്ചു പോരുന്നു.

*അറബിക്കഥകൾ* അഥവാ *ആയിരത്തൊന്നു രാത്രികൾ* (ശരിയായ പേര് *അൽഫ് ലെയ്‌ലാ വ ലെയ്‌ലാ*—ആയിരം രാത്രികളും പിന്നെയൊരു രാത്രിയും) പേരു സൂചിപ്പിക്കുന്നതുപോലെ അറബിഭാഷയിലാണു രചിക്കപ്പെട്ടത്. ഇന്ത്യയും ചീനയും ഉൾപ്പെട്ട ഭൂപ്രദേശം ഭരിച്ചിരുന്ന ഷഹ്‌രിയാർ എന്ന രാജാവ് സ്വന്തം രാജ്ഞിയുടെ വിശ്വാസവഞ്ചനയ്ക്കു ദൃക്സാക്ഷിയായി. രാജ്ഞിയെ വധിച്ചിട്ടും രോഷം തീരാഞ്ഞ് ദിനംപ്രതി ഓരോ കന്യകയെ വിവാഹം ചെയ്യുകയും ആദ്യരാത്രിയുടെ അന്ത്യത്തിൽ അവളെ കൊന്നുകളയുകയും ചെയ്തുപോന്നു. ഒടുവിൽ കന്യകയായ മന്ത്രിപുത്രി മാത്രം അവശേഷിച്ചു. ഷഹറാസാദ് എന്ന ആ പെൺകുട്ടി സുന്ദരി മാത്രമല്ല, ബുദ്ധിശാലിനിയും കലാകാരിയുമായിരുന്നു. നാട്ടിലെ പെൺകുട്ടികളുടെ പ്രാണരക്ഷാർത്ഥം അവൾ രാജപത്നിയായി. ഷഹറാസാദ് പറഞ്ഞ കഥകൾ ഷഹരിയാറുടെ ഉറക്കം കെടുത്തുകയും ജാഗ്രദവസ്ഥയിൽ അദ്ദേഹത്തിന്റെ മനസ്സിൽ ജിജ്ഞാസയുടെ വിത്തു പാകുകയും ചെയ്തു. ഒന്നിനു പിറകിലൊന്നായി ആയിരത്തൊന്നു രാത്രികൾ കഥ പറഞ്ഞ് ഷഹറാസാദ് രാജാവിന്റെ മനം കവർന്നു.

"ഷഹരിയാറുടെ നിർദ്ദേശാനുസരണം നാടിന്റെ നാലു കോണിലും നിന്നെത്തിയ അറിയപ്പെടുന്ന എഴുത്തുകാർ ഈ കഥകളത്രയും സുവർണലിപികളിൽ മുപ്പതു വാല്യങ്ങളിലായി എഴുതിവച്ചു. മൂലകൃതി സ്വർണപേടകത്തിലാക്കി ഖജാനയിൽ സൂക്ഷിക്കാനും നിരവധി പകർപ്പുകളെടുത്ത് പ്രജകളുടെയും സന്തതിപരമ്പരകളുടെയും വിജ്ഞാനപോഷണത്തിനായി പ്രചരിപ്പിക്കാനും രാജാവു കല്പിച്ചു" എന്ന പ്രസ്താവനയോടെയാണ് കഥാകാരൻ ഉപസംഹരിക്കുന്നത്.

അറബിക്കഥകളുടെ കർത്താവ് അജ്ഞാതനാമാവാണ്. കാലനിർണയവും എളുപ്പമല്ല. ആയിരത്തൊന്നു രാത്രികളെക്കുറിച്ചുള്ള ആദ്യപരാമർശം പത്താം നൂറ്റാണ്ടിലെ ഒരു ഗ്രന്ഥത്തിലാണുള്ളത്. 957ൽ അന്തരിച്ച മസൂദി പേർഷ്യൻ (പഹ്‌ലവി) ഭാഷയിൽനിന്നും അറബിയിലേക്കു വിവർത്തനം ചെയ്യപ്പെട്ട, രാജാവിന്റെയും മന്ത്രിയുടെയും മന്ത്രിപുത്രിയുടെയും അടിമപ്പെണ്ണിന്റെയും കഥയായ ആയിരം രാത്രികളെക്കുറിച്ചു സൂചിപ്പിച്ചിട്ടുണ്ട്. പക്ഷേ കഥകൾ ഏതൊക്കെയെന്നു പറഞ്ഞിട്ടില്ല. പിന്നീടു സമാഹൃതരൂപത്തിൽ ലഭിച്ച കഥകളിലാവട്ടെ മധ്യകാലത്തെ അറേബ്യൻ സംസ്കാരമാണു തെളിഞ്ഞു കാണുന്നത്. പതിനാലാം നൂറ്റാണ്ടിനും പതിനാറാം നൂറ്റാണ്ടിനുമിടയ്ക്കാണ് ഇന്നത്തെ രൂപത്തിലുള്ള അറബിക്കഥകളുടെ ഉല്പത്തി എന്നാണു ഗവേഷകമതം. പതിനഞ്ചാം നൂറ്റാണ്ടുവരെയുള്ള ഈജിപ്ഷ്യൻ ജീവിതചര്യയുടെ ചിത്രണം ചില കഥകളിലുണ്ട്. അതിനുമുമ്പുതന്നെ വാമൊഴിയായി പ്രചുരപ്രചാരം നേടിയിരുന്ന ഈ കഥകളിലേറെയും ഇന്ത്യയിലും പേർഷ്യയിലുംനിന്നെത്തിയവയാണ്. അലാവുദീൻ, സിന്ദ്ബാദ്, ആലിബാബ തുടങ്ങിയവ നാടോടിക്കഥ (folklore) കളുടെ പുനരാവിഷ്കാരമത്രേ.

ഒരു കഥയുടെ ചട്ടക്കൂടിനുള്ളിൽ (frame story) നിരവധി കഥകൾ ഉൾക്കൊള്ളിക്കുന്ന രീതി അറബിക്കഥകൾക്കു മുമ്പും (*പഞ്ചതന്ത്രം, കഥാസരിത്സാഗരം*) സമർത്ഥമായി പ്രയോഗിച്ചിട്ടുണ്ട്. ആവശ്യാനുസരണം കൂട്ടിച്ചേർക്കുന്നതിനും വിപുലീകരിക്കുന്നതിനും ഈ സംവിധാനം സഹായകമാകുന്നു. അറേബ്യയിൽ ഏറ്റവും സമ്മാന്യനും സമാരാധ്യനുമായിരുന്ന കലാകാരൻ 'റാവി' എന്നറിയപ്പെട്ടിരുന്ന നാടോടി കാഥികൻ, കപോലകല്പിതങ്ങളും പഴംപുരാണങ്ങളും ഐതിഹ്യങ്ങളും കൂട്ടിക്കലർത്തി രസകരങ്ങളായ കഥകൾ ചമച്ച് ശ്രോതാക്കൾക്കു വിരുന്നൂട്ടി. ഹൃദയഹാരിയായി പറഞ്ഞു ഫലിപ്പിക്കേണ്ടതുകൊണ്ടും പരത്തിപ്പറഞ്ഞാലും പരിണാമഗുപ്തി നഷ്ടപ്പെടരുതെന്നതിനാലും വാമൊഴിയുടെ ശൈലിയാണ് അറബിക്കഥകളിലുള്ളത്. രാത്രികളായുള്ള വിഭജനം കഥാകഥനം എളുപ്പമാക്കുകയും ചെയ്തു.

ആയിരത്തൊന്നു രാത്രികളെ ഇണക്കിച്ചേർത്തിട്ടുള്ള കഥാതന്തു, സ്ത്രീവിദ്വേഷിയായ രാജാവും മന്ത്രികുമാരിയും, പേർഷ്യയിൽനിന്നു കടംകൊണ്ടതാണ്. അതോടൊപ്പം ഈ കഥകൾക്കെല്ലാം അന്തർധാരയായി വർത്തിക്കുന്നൊരു ചരിത്രപശ്ചാത്തലവുമുണ്ട്. സ്വേച്ഛാപ്രമത്തനും നിഷ്ഠുരനും ആശ്രിതവത്സലനും സഹൃദയനുമായ ഖലീഫ ഹാരൂൺ അൽ റഷീദ് പല കഥകളിലും പ്രത്യക്ഷപ്പെടുന്നു. വേഷപ്രച്ഛന്നനായി മന്ത്രി ജാഫർ, അംഗരക്ഷകനും ആരാച്ചാരുമായ മസ്റൂർ, ആസ്ഥാന കവി അബുനുവാസ് എന്നിവരുമൊത്ത് രാത്രികാലങ്ങളിലുള്ള ഖലീഫയുടെ ഊരുചുറ്റൽ രസകരമായ സംഭവപരമ്പരകൾക്കു വഴിതെളിയിക്കുന്നതും കഥാകാരൻ വർണിക്കുന്നുണ്ട്. ബാഗ്ദാദ് തലസ്ഥാനമായ ഇസ്ലാം സാമ്രാജ്യത്തിന്റെ ഭരണാധികാരിയായിരുന്നു ഹാരൂൺ അൽ റഷീദ്. അബ്ബാസിദ് വംശത്തിന്റെ സുവർണ കാലഘട്ടം. 775 മുതൽ 785 വരെ അധികാരത്തിലിരുന്ന മൂന്നാമത്തെ ഖലീഫയായ അൽമഹ്ദിയുടെയും ഖയ്സരാൻ എന്ന അടിമയുടെയും പുത്രനായി 766ൽ ഹാരൂൺ അൽ റഷീദ് ജനിച്ചു.

മുഴുവൻ പേര് ഹാരൂൺ അൽ റഷീദ് ഇബ്നു മുഹമ്മദ് അൽ മഹ്ദി ഇബ്നു അൽ മൻസൂർ അൽ അബ്ബാസി. നാലു വയസ്സു മൂപ്പുള്ള അൽ ഹാദി എന്നൊരു സഹോദരൻ അൽ റഷീദിനുണ്ടായിരുന്നു. രാജകുമാരന്മാർ അൽ ഹാദിയും അൽ റഷീദും ഖുറാൻ, കവിത, സംഗീതം, നിയമം തുടങ്ങിയവയിലെല്ലാം പാണ്ഡിത്യം നേടി. ഖയ്സരാൻ രാജ്ഞിയുടെ വിശ്വസ്തനും ബാർമക് വംശജനുമായ യാഹ്യാ ആയിരുന്നു കുട്ടികളുടെ ഗുരുനാഥൻ. അൽ മഹ്ദിയുടെ മരണത്തെത്തുടർന്നു ഖലീഫയായ അൽ ഹാദി ഏറെനാൾ കഴിയുന്നതിനു മുമ്പ് ദുരൂഹമായ സാഹചര്യങ്ങളിൽ മരണമടഞ്ഞു. തന്റെ അധികാരത്തെ ചോദ്യം ചെയ്തതിഷ്ടപ്പെടാത്ത ഖയ്സരാൻ സ്വന്തം പുത്രന്റെ വധത്തിനു പ്രേരണ നൽകി എന്നൊരു ശ്രുതിയുണ്ട്. 786 സെപ്തംബർ 14ന് ഖലീഫയായി സ്ഥാനമേറ്റ ഹാരൂൺ അൽ റഷീദ് യാഹ്യായെ പ്രധാനമന്ത്രിയായി നിയമിച്ചു. യാഹ്യായുടെ പുത്രന്മാരായ അൽ ഫാദലും അൽ ജാഫറും മന്ത്രിമാരായി.

ഹാരൂണിന്റെ രാജസദസ്സിനെക്കുറിച്ച് *ആയിരത്തൊന്നു രാത്രികളിലുള്ള* വിവരണം അവിശ്വസനീയമായി തോന്നാമെങ്കിലും ഏറെക്കുറെ സത്യമാണ്. ഈജിപ്റ്റിലും സിറിയയിലും യെമനിലും നിന്നുള്ള അളവറ്റ സമ്പത്ത് ബാഗ്ദാദിൽ കുന്നുകൂടി. ഹാരൂൺ അൽ റഷീദിന്റെ പട്ടമഹിഷി സുബൈദ രത്നം പതിച്ച സ്വർണപ്പാത്രങ്ങളിലാണു ഭക്ഷണം കഴിച്ചിരുന്നത്. ഖലീഫയുടെ അന്തഃപുരത്തിൽ സുന്ദരിമാരായ അസംഖ്യം വെപ്പാട്ടിമാരും ഷണ്ഡന്മാരും അടിമകളും ഗായകരുമുണ്ടായിരുന്നു. ആശ്രിതർക്കും കലാകാരന്മാർക്കും ഖലീഫ കൈയയച്ചു സമ്മാനങ്ങൾ നൽകിപ്പോന്നു. ജാഫർ മന്ത്രിമാത്രമല്ല, ഖലീഫയുടെ ഉറ്റ മിത്രവും സന്തത സഹചാരിയുമായിരുന്നു. അവർ തമ്മിലുള്ള ബന്ധത്തെക്കുറിച്ച് അരോചകമായ പല കഥകളുമുണ്ട്. അൽ റഷീദ് സഹോദരി അബ്ബാസയെ ജാഫറെക്കൊണ്ടു വിവാഹം ചെയ്യിച്ചു—ഒരിക്കലും ഭാര്യാഭർത്താക്കന്മാർ പരസ്പരം ബന്ധപ്പെടുകയില്ലെന്ന കരാറിൽ. പക്ഷേ അവർ പ്രണയബദ്ധരാവുകയും അബ്ബാസ ജാഫറുടെ കുട്ടിയെ പ്രസവിക്കുകയും ചെയ്തു. ഇക്കാരണത്താലാവാം അൽ റഷീദ് ജാഫർക്കു മരണശിക്ഷ വിധിച്ചു. 803 ജനുവരി 29-ന് ജാഫർ കൊല്ലപ്പെട്ടു. ജാഫറുടെ കുടുംബാംഗങ്ങളെ തടവിലാക്കുകയും സ്വത്തു കണ്ടുകെട്ടുകയും ചെയ്തു. 808ൽ ഖുറാസാനിൽ (ഇറാൻ) ഉണ്ടായ കലാപം അമർച്ച ചെയ്യാൻ പുറപ്പെട്ട ഹാരൂൺ അൽ റഷീദ് അവിടെവച്ചു രോഗബാധിതനായി. അടുത്തകൊല്ലം അന്തരിച്ചു.

*ആയിരത്തൊന്നു രാത്രികൾ* പുറംനാടുകളിൽ പ്രസിദ്ധ പ്പെടുത്താനുള്ള ഗൗരവാവഹമായ ആദ്യശ്രമം നടത്തിയത് ഹെൻറി ടോറെൻസ് എന്ന ഐറിഷ് നോവലിസ്റ്റാണ്. ടോറെൻസ് ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തിയ ആദ്യത്തെ അൻപതു രാത്രികളിലെ കഥകൾ അച്ചടിച്ചതു സിംലയിലാണെന്നതും ഓർക്കേണ്ട വസ്തുതയാണ് (1838ൽ). 183842 കാലഘട്ടത്തിൽ എഡ്വേർഡ് വില്യം ലെയിനിന്റെ സംഗൃഹീത പരിഭാഷ കെയിറോയിൽ പുറത്തുവന്നു. *ആയിരത്തൊന്നു രാത്രികളുടെ* പൂർണരൂപം 1882-നും 1884-നും ഇടയ്ക്ക് ജോൺ പെയ്ൻ അച്ചടിപ്പിച്ചെങ്കിലും സ്വകാര്യവിതരണത്തിനായിരുന്നതുകൊണ്ട് വില്പനയ്ക്കെത്തിയില്ല. റിച്ചാർഡ് ബർട്ടൻ രചിച്ച *The Book of Thousand Nights and a Night* (1886-88), ജെ.സി. മാർദ്രസിന്റെ

ഫ്രഞ്ചുകൃതിയെ ആസ്പദമാക്കി പോവിസ് മാതേഴ്സ് പുനഃസൃഷ്ടിച്ച *The Book of Thousand Nights and One Night* (1923) എന്നിവയാണ് ആധികാരികമെന്നു പറയാവുന്ന അറബിക്കഥകൾ.

*ആയിരത്തൊന്നു രാത്രികളിലെ* കഥകൾ മുഖ്യമായും മൂന്നു വിഭാഗത്തിൽ പെടുന്നു.

ഒന്ന്: യക്ഷി-പ്രേത കഥകൾ. ഇന്ത്യൻ അഥവാ പേർഷ്യൻ ആഗമം.

രണ്ട്: ബാഗ്ദാദിലെ ഖലീഫ ഹാരൂൺ അൽ റഷീദും മന്ത്രി ജാഫറും കഥാപാത്രങ്ങളായവ. പ്രണയകഥകളാണേറെയും. പച്ചയായ രതിക്രീഡാവർണനകൾ ചില കഥകളിൽ കാണാം.

മൂന്ന്: ഈജിപ്ഷ്യൻ പശ്ചാത്തലത്തിൽ ഹാസ്യരസപ്രധാനമായവയും അസംബന്ധപരവുമായ കഥകൾ. ഇരുനൂറോളം കഥകളും കുറെയധികം ഉപകഥകളും കോർത്തിണക്കിയ അറബിക്കഥാപ്രപഞ്ചത്തിൽ മിനിക്കഥ മുതൽ നോവലെറ്റ് വരെയുണ്ട്. അപൂർവം ചിലതിന്റെ പ്രമേയം ശിഥിലമാണെങ്കിലും ഏറെയും ശില്പഭദ്രമത്രേ. മനുഷ്യസ്വഭാവത്തെ അപഗ്രഥിക്കുന്നതിൽ അജ്ഞാതരായ കഥാകാരന്മാർ പ്രകടിപ്പിച്ചിട്ടുള്ള വൈദഗ്ധ്യം അസൂയാവഹംതന്നെ. വായിച്ചാസ്വദിച്ചു തുടങ്ങുന്നതിനു മുമ്പു കേട്ടു രസിച്ചിരുന്നവയാണ് ഇതിലെ കഥകൾ എന്നതിനു മധുനിഷ്യന്ദിയായ കഥാകഥനശൈലി നിദർശനമാകുന്നു.

*ആയിരത്തൊന്നു രാത്രികൾ* ആദ്യമായി പൂർണരൂപത്തിൽ മലയാളത്തിൽ അവതരിപ്പിക്കാൻ കഴിഞ്ഞതിലുള്ള ചാരിതാർത്ഥ്യത്തോടെ, കഥകളുടെ ഈ രാജധാനിയിലേക്കു വായനക്കാരെ സഹർഷം സ്വാഗതം ചെയ്യുന്നു.

# കഥകൾ


ഷഹരിയാർ രാജാവിന്റെ കഥ 19
കാളയും കഴുതയും കർഷകനും 24
വ്യാപാരിയും ഭൂതവും 27
ഒന്നാമത്തെ ഷെയ്ക്കിന്റെ കഥ 29
രണ്ടാമത്തെ ഷെയ്ക്കിന്റെ കഥ 32
മൂന്നാമത്തെ ഷെയ്ക്കിന്റെ കഥ 35
മുക്കുവനും ഭൂതവും 37
യൂനാൻ രാജാവും മന്ത്രിയും വൈദ്യനും 40
സിന്ദ്ബാദും പ്രാപ്പിടിയനും 43
രാജകുമാരനും രാക്ഷസിയും 45
യുവാവിന്റെയും മത്സ്യങ്ങളുടെയും കഥ 52
ചുമട്ടുകാരനും പെൺകുട്ടിയും 57
ഒന്നാമത്തെ കലാന്തർ പറഞ്ഞ കഥ 65
രണ്ടാമത്തെ കലാന്തർ പറഞ്ഞ കഥ 68
മൂന്നാമത്തെ കലാന്തർ പറഞ്ഞ കഥ 77
സുബൈദയുടെ കഥ 86
ആമിനയുടെ കഥ 91
റെയ്ഹാനും ആപ്പിളും സുന്ദരിയുടെ ജഡവും 96
നൂറുദീനും ഷംസുദീനും 99
ബാഗ്ദാദിലെ ക്ഷുരകൻ 118
ക്രിസ്ത്യൻ ദല്ലാൾ പറഞ്ഞ കഥ 122
അടുക്കളക്കാരന്റെ കഥ 128
യഹൂദവൈദ്യൻ പറഞ്ഞ കഥ 132
തുന്നൽക്കാരൻ പറഞ്ഞ കഥ 138
മുടന്തനും ബാഗ്ദാദിലെ ക്ഷുരകനും 139
ക്ഷുരകന്റെ കഥ 146
ഒന്നാമത്തെ സഹോദരൻ ബക്ബൂക്കിന്റെ കഥ 148
രണ്ടാമത്തെ സഹോദരൻ അൽ-ഹദ്ദാറിന്റെ കഥ 151

മൂന്നാമത്തെ സഹോദരൻ ബക്ബാക്കിന്റെ കഥ 153
നാലാമത്തെ സഹോദരൻ അൽ-കൂസിന്റെ കഥ 156
അഞ്ചാമത്തെ സഹോദരൻ അൽ-അഷാറിന്റെ കഥ 159
ആറാമത്തെ സഹോദരൻ ഷക്കാഷിക്കിന്റെ കഥ 166
സ്നേഹപ്രിയയുടെയും അലി-നൂറിന്റെയും കഥ 173
ഘാനീം ഇബ്നു അയൂബിന്റെയും സഹോദരി ഫിറ്റ്നയുടെയും കഥ 201
ഷണ്ഡൻ സവ്വാബ് പറഞ്ഞ കഥ 204
ഷണ്ഡൻ കാഫൂർ പറഞ്ഞ കഥ 206
ഷണ്ഡൻ ബുക്കായത് പറഞ്ഞ കഥ 210
ഉമർ രാജാവിന്റെയും പുത്രന്മാരുടെയും കഥ 223
അസീസിന്റെയും അസീസയുടെയും കഥ 298
ദുനിയ രാജകുമാരിയും താജ് അൽ മുലൂക്ക് രാജകുമാരനും 328
കാനാ മാ കാനായുടെ സാഹസകൃത്യങ്ങൾ 346
കറുപ്പുതീറ്റിക്കാരന്റെ കഥ 352
ഹമ്മാദ് എന്ന അറബിയുടെ കഥ 360
താറാവിന്റെയും മയിലുകളുടെയും കഥ 365
ഇടയന്റെയും പെൺകുട്ടിയുടെയും കഥ 373
ആമയുടെയും കൊക്കിന്റെയും കഥ 375
ചെന്നായയുടെയും കുറുക്കന്റെയും കഥ 377
എലിയുടെയും കീരിയുടെയും കഥ 381
കാക്കയുടെയും വെരുകിന്റെയും കഥ 382
കാക്കയുടെയും കുറുക്കന്റെയും കഥ 383
അലി ഇബ്നു ബേക്കറിന്റെയും ഷംസ് അൽ നഹാറിന്റെയും കഥ 387
ബുദൂർ രാജകുമാരിയുടെ കഥ 404
സുകോമളന്റെയും സുന്ദരവദനയുടെയും കഥ 439
അലാവുദീന്റെയും അബുഷാമാത്തിന്റെയും കഥ 451
ആർദ്ര എന്ന പണ്ഡിതയുടെ കഥ 483
കവി അബുനുവാസിന്റെ ഒരു സാഹസം 495
സിന്ദ്ബാദ് എന്ന നാവികന്റെ കഥ 499
സിന്ദ്ബാദ് എന്ന നാവികന്റെ ഒന്നാമത്തെ യാത്ര 502
സിന്ദ്ബാദ് എന്ന നാവികന്റെ രണ്ടാമത്തെ യാത്ര 508
സിന്ദ്ബാദ് എന്ന നാവികന്റെ മൂന്നാമത്തെ യാത്ര 513
സിന്ദ്ബാദ് എന്ന നാവികന്റെ നാലാമത്തെ യാത്ര 519
സിന്ദ്ബാദ് എന്ന നാവികന്റെ അഞ്ചാമത്തെ യാത്ര 526
സിന്ദ്ബാദ് എന്ന നാവികന്റെ ആറാമത്തെ യാത്ര 531
സിന്ദ്ബാദ് എന്ന നാവികന്റെ ഏഴാമത്തെ യാത്ര 536
അലി ഷാറും സുന്ദരി സുമുറൂദും 544
വിവിധ വർണത്തിലുള്ള ആറു പെൺകുട്ടികൾ 562
പിച്ചളനഗരത്തിന്റെ കഥ 568
ഇബ്നു അൽ മൻസൂറും രണ്ടു പെൺകുട്ടികളും 580
കശാപ്പുകാരനും മന്ത്രികുമാരിയും 587
നാഗകന്യക യമലികയുടെ കഥ 590
ബുലൂക്കിയയുടെ കഥ 594
ദുഃഖിതനായ യുവകോമളന്റെ കഥ 601
അൽ റഷീദും അപാനവായുവും 613
ആരാണു മെച്ചം, കുമാരനോ? മുതിർന്ന പുരുഷനോ? 614
പ്രശ്നപരിഹാരം 615
അബു നുവാസും സുബൈദയും 617
കഴുത 619
ന്യായാധിപന്റെ ബുദ്ധി 621
ആണോ പെണ്ണോ? 623
ഓഹരി 625
അദ്ധ്യാപകൻ 626
അടിക്കുപ്പായത്തിലെ കവിത 628
കുട്ടയ്ക്കുള്ളിൽ ഒരു ഖലീഫ 629
തുപ്പുകാരന്റെ കഥ 633
ഒരസാധാരണ ഖലീഫ 637
പനിനീർപ്പൂമൊട്ടും ലോകപ്രിയനും 644
മാന്ത്രികക്കുതിര 651
ദലീലയുടെ കുതന്ത്രങ്ങൾ 672
വഴുക്കൻ അലിയുടെ പ്രണയസാഫല്യം 693
ജൂദാറിന്റെ കഥ 716
മന്ത്രമോതിരം 739
മൂന്നു വരങ്ങൾ 758
തിരുമ്മുവിദഗ്ദ്ധൻ 760
വെള്ളക്കരു 763
കരയിലെ അബ്ദുല്ലയും കടലിലെ അബ്ദുല്ലയും 765
മഞ്ഞനിറമുള്ള ഒരു യുവാവിന്റെ കഥ 775

മാതളപ്പൂവിന്റെ കഥ 785
ഇസഹാക്കിന്റെ ഒരു വർഷകാലസന്ധ്യ 803
കറുത്ത അധികാരിയും വെളുത്ത കുട്ടികളും 807
ഖലീഫ എന്ന മുക്കുവന്റെ കഥ 812
ബസ്രയിലെ ഹസൻ 824
ചരിത്രം സൃഷ്ടിച്ച അധോവായു 856
രണ്ടു കോമാളികളുടെ കഥ 858
പെൺസൂത്രം 860
ദിവാസ്വപ്നം 866
ഒരു സുന്ദരിയുടെ പ്രണയചാപല്യങ്ങൾ 886
മടിയൻ യുവാവിന്റെ കഥ 895
നൂറും പോരാളിയായ പെൺകുട്ടിയും 899
സലാഹുദീനും മന്ത്രിയും 922
പ്രേമകുടീരം 924
വിവാഹമോചനം 927
കന്യകമാരുടെ കണ്ണാടി 929
അലാവുദീനും അത്ഭുതവിളക്കും 938
ക്ഷമയുടെ മഹത്ത്വം 962
പനിനീർപൂവിന്റെ പുഞ്ചിരി 964
കമറിന്റെയും ഹലീമയുടെയും കഥ 974
രണ്ടിലൊന്ന് 986
വിധിയുടെ താക്കോൽ 990
കാസിമിന്റെ ചെരുപ്പ് 998
വിദൂഷകൻ 1001
ലോകസമാധാനം 1003
കറുപ്പുതീറ്റിക്കാരുടെ കഥ 1005
അധോവായുവിന്റെ കഥ 1008
ന്യായാധിപൻ കഴുത 1013
ന്യായാധിപനും കഴുതക്കുട്ടിയും 1016
കുശാഗ്രബുദ്ധിയായ ന്യായാധിപൻ 1019
സ്ത്രീയെ അറിഞ്ഞ പുരുഷൻ 1022
നൂർ രാജകുമാരിയും മാലാഖയും 1025
സുൽത്താൻ മഹമൂദിന്റെ രണ്ടു ജന്മം 1035
അനന്തമായ നിധി 1038
ജാരസന്തതി 1044
ആൾക്കുരങ്ങ് 1054
ഒന്നാമത്തെ ഭ്രാന്തന്റെ കഥ 1062
രണ്ടാമത്തെ ഭ്രാന്തന്റെ കഥ 1067
മൂന്നാമത്തെ ഭ്രാന്തന്റെ കഥ 1076
ഛേദിക്കപ്പെട്ട ശിരസ്സ് 1081
ഭാര്യമാരുടെ കാപട്യം 1087
അടുക്കളക്കാരൻ പറഞ്ഞ കഥ 1091
പച്ചക്കറിവില്പനക്കാരന്റെ കഥ 1093
കശാപ്പുകാരൻ പറഞ്ഞ കഥ 1095
ആലിബാബയും നാല്പതു കള്ളന്മാരും 1097
വെള്ളക്കുതിരയുടെ യജമാനൻ 1113
വിറകുവെട്ടിയുടെ കഥ 1123
ധർമിഷ്ഠനായ ഷെയ്ക്ക് 1129
മുച്ചുണ്ടൻ വാദ്ധ്യാർ 1139
ബാബാ അബ്ദുല്ല 1142
സുലൈഖ രാജകുമാരി 1147
മരത്തലയന്റെ കഥ 1155
പാദസരം 1159
മുട്ടനാടും രാജകുമാരിയും 1162
ആമയും രാജകുമാരനും 1169
കടലവില്പനക്കാരന്റെ മകൾ 1173
പകരക്കാരൻ 1177
പോലീസുകാരൻ 1179
ഔദാര്യം 1182
ആണത്തമില്ലാത്ത ക്ഷുരകൻ 1185
ഫിറോസിന്റെ ഭാര്യ 1188
മണ്ണും മനസ്സും 1191
മാന്ത്രികപുസ്തകം 1194
രത്നകുമാരൻ 1203
ഗോഹയുടെ കഥ 1218
ഹൃദയരാഗം 1222
ഒന്നാമത്തെ പോലീസുകാരന്റെ കഥ 1231
രണ്ടാമത്തെ പോലീസുകാരന്റെ കഥ 1239

മൂന്നാമത്തെ പോലീസുകാരന്റെ കഥ 1242
നാലാമത്തെ പോലീസുകാരന്റെ കഥ 1247
അഞ്ചാമത്തെ പോലീസുകാരന്റെ കഥ 1251
ആറാമത്തെ പോലീസുകാരന്റെ കഥ 1255
ഏഴാമത്തെ പോലീസുകാരന്റെ കഥ 1262
എട്ടാമത്തെ പോലീസുകാരന്റെ കഥ 1263
ഒൻപതാമത്തെ പോലീസുകാരന്റെ കഥ 1269
പത്താമത്തെ പോലീസുകാരന്റെ കഥ 1272
പതിനൊന്നാമത്തെ പോലീസുകാരന്റെ കഥ 1275
പന്ത്രണ്ടാമത്തെ പോലീസുകാരന്റെ കഥ 1279
ചീനയിലെ പെൺകുട്ടി 1283
ചെരുപ്പുകുത്തിയുടെ ഭാര്യ 1291
കവിയുടെ പ്രണയം 1311
ഫാത്തിമ രാജകുമാരിയുടെ പ്രണയകഥ 1315
ഹുജർ രാജാവിന്റെ പ്രതികാരം 1317
ഭർത്താക്കന്മാരെക്കുറിച്ചു ഭാര്യമാർ 1319
ഉമറിന്റെ കഥ 1321
ഗായിക സലാമ 1326
പരാന്നഭോജി 1328
വിധിയുടെ അടിമ 1329
വൈരമാല 1333
നിയമവശം 1336
അറബിപ്പെൺകൊടി 1340
മർക്കടമുഷ്ടി 1342
ജാഫറുടെ അന്ത്യം 1345
ഒരു പ്രണയകഥ 1355

*ഉപസംഹാരം* 1362

*അനുബന്ധം*
1. വിശ്വസാഹിത്യത്തിലെ അത്ഭുതസൃഷ്ടി 1367
2. ആയിരത്തൊന്നു രാത്രികളിലൂടെ! 1369

ജഗന്നിയന്താവായ അല്ലാഹുവിന് സ്തുതി.
പ്രവാചകൻ മുഹമ്മദ് സർവ ജനത്തിനും
അനുഗ്രഹമേകുവാൻ പ്രാർത്ഥിക്കുന്നു.
പൂർവഗാമികളുടെ ചരിത്രം
മനുഷ്യനു മാർഗദർശകമാകട്ടെ.
ഗതകാലസംഭവങ്ങളിൽനിന്ന്
പുതിയ പാഠങ്ങൾ ഉൾക്കൊള്ളാൻ
അവൻ പ്രാപ്തനാകട്ടെ.
നാളത്തെ തലമുറയ്ക്കുവേണ്ടി
ഇന്നലെയുടെ കഥകൾ രേഖപ്പെടുത്തിവച്ചവന്റെ
നാമം വാഴ്ത്തപ്പെടേണ്ടതാകുന്നു.
വിജ്ഞേയവും വിസ്മയകരവുമായ
പ്രസ്തുത കഥകൾ,
പ്രിയപ്പെട്ടവരേ നിങ്ങൾക്കായി,
ഇതാ ആയിരത്തൊന്നു രാത്രികളിൽ—